**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 476**

**29/06/2015 ൽ മറുപടിയ്ക്ക്**

## നഷ്ടത്തിലായ ഖാദി - ഗ്രാമ വ്യവസായ യൂണിറ്റുകൾ

**ചോദ്യം**
**ശ്രീ.പി.ശ്രീരാമകൃഷ്ണൻ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിൽ ആകെ എത്ര ഖാദി - ഗ്രാമ വ്യവസായ യൂണിറ്റുകളാണുള്ളത് ; | (എ) 374 ഉല്പാദന യൂണിറ്റുകളും, 25696 ഗ്രാമ വ്യവസായ യൂണിറ്റുകളും ഉണ്ട്. |
| (ബി) ഇതിൽ ഏതെങ്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവയുടെ എണ്ണം എത്രയാണ് ; | (ബി) ഖാദി ഉല്പാദക യൂണിറ്റുകൾ ലാഭ നഷ്ട കണക്ക് അടിസ്ഥാനമാക്കിയല്ല പ്രവർത്തിക്കുന്നത്. അതിനാൽ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തിന്റെ സാമ്പത്തിക വിശകലനം നടത്തിയിട്ടില്ല. |
| (സി) ഇവ നഷ്ടത്തിലാകാൻ കാരണം എന്താണ് ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) മാർക്കറ്റിംഗ് രംഗത്തെ മത്സരങ്ങൾ, തൊഴിലാളികളുടെ ലഭ്യതക്കുറവ്, ആധുനികവത്ക്കരണത്തിന്റെ പരിമിതി തുടങ്ങിയ കാരണങ്ങൾ കൊണ്ട് പല യൂണിറ്റുകളുടേയും പ്രവർത്തനം മന്ദീഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. സാങ്കേതിക സഹായം ആവശ്യമായ യൂണിറ്റുകൾക്ക് ആയത് നൽകുന്നതിനും വിപണനം നടത്തുന്നതിനും ഖാദി ഗ്രാമ വ്യവസായ ബോർഡ് സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ